പിന്നോക്ക വിഭാഗവികസന കോർപ്പറേഷനിലെ നിയമനരീതി

2 (227) ശ്രീ. പി. കെ. കുമാരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗവികസന കോർപ്പറേഷൻ എന്നാണ് നിലവിൽ വന്നത് ; കോർപ്പറേഷനിലെ നിയമനരീതി എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) കോർപ്പറേഷനിൽ സ്ഥിരം നിയമനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എപ്രകാരമാണെന്ന് പറയുമോ ;

(സി) ഏതെല്ലാം തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളത് ; എത്രപേരെ ഇതുവരെ നിയമിച്ചിട്ടുണ്ട് ;

(ഡി) നിയമനത്തിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ ;

(ഇ) നിയമനം ലഭിച്ചവരിൽ മറ്റു പിന്നോക്ക വിഭാഗങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങളിൽപ്പെട്ട എത്രപേർ വീതമുണ്ട് ;

(എഫ്) നിയമനത്തിൽ പിന്നോക്ക വിഭാഗക്കാർക്ക് സംവരണപ്രകാരം കിട്ടേണ്ടിയിരുന്നത് എത്ര ; കിട്ടിയത് എത്ര ?

ഉത്തരം

(എ) 28-2-1995-ൽ കോർപ്പറേഷൻ നിലവിൽ വന്നു. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും സ്ഥിരാടിസ്ഥാനത്തിലുമാണ് നിയമനം നടത്തുന്നത്.

(ബി) ഉണ്ട്; ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള 14396/ബി.പി.ഇ-2/91 പ്ലാനിംഗ് തീയതി 28-2-1992, 18-1-1997-ലെ 11119/ബി.പി.ഇ.2 പ്ലാനിംഗ്. 25-3-1997-ലെ 50/ബി.പി.ഇ1/97 പ്ലാനിംഗ്. 20-9-1997 തീയതിയിലെ 16340/ബി.പി.ഇ. 2/96 പ്ലാനിംഗ് എന്നീ സർക്കുലറുകളിൽ നിഷ്ക്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് കൊണ്ടാണ് നിയമനം നടത്തുന്നത്. ഇതനുസരിച്ച് ജൂനിയർ അസിസ്റ്റന്റ്, സ്റ്റെനോ ടൈപ്പിസ്റ്റ്, പ്രോജക്ട് അസിസ്റ്റന്റ് തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ലഭിച്ച ലിസ്റ്റിൽ നിന്നും എഴുത്തുപരീക്ഷ, ഇന്റർവ്യൂ എന്നിവ നടത്തിയും കമ്പനി സെക്രട്ടറി, മാനേജർ അസിസ്റ്റന്റ് മാനേജർ തസ്തികകളിൽ പത്രപരസ്യം നടത്തി അപേക്ഷകൾ ക്ഷണിച്ച് എഴുത്തുപരീക്ഷയും ഇന്റർവ്യൂവും നടത്തിയും ആണ് നിയമനം നടത്തിയിട്ടുള്ളത് സംവരണതത്വവും പാലിച്ചിട്ടുണ്ട്.

(സി)

കമ്പനി സെക്രട്ടറി	1
മാനേജർ (ഫിനാൻസ് ആന്റ് അക്കൗണ്ട്)	1
മാനേജർ (പ്രോജക്റ്റ്)	1
അസിസ്റ്റന്റ് മാനേജർ	6
പ്രോജക്ട് അസിസ്റ്റന്റ്	26
സ്റ്റെനോടൈപ്പിസ്റ്റ്	13
ജൂനിയർ അസിസ്റ്റന്റ്	31
ആകെ	79

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്.

(ഇ) സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് അനുസരിച്ചുള്ള മറ്റു പിന്നോക്ക വിഭാഗങ്ങൾ - 3 (മൊത്തം പിന്നോക്ക വിഭാഗങ്ങൾ - 50)

പട്ടികജാതി - 7 (ഒരു ഒഴിവ് നികത്തിയിട്ടില്ല)

പട്ടികവർഗ്ഗം - ഇല്ല. (ഒഴിവ് നികത്തിയിട്ടില്ല)

(എഫ്) പിന്നോക്ക വിഭാഗക്കാർക്ക് കിട്ടേണ്ടിയിരുന്നത് - 29

പിന്നോക്ക വിഭാഗക്കാർക്ക് കിട്ടിയത് - 50

(സംവരണ പ്രകാരം - 29 ഉം ഓപ്പൺ കോമ്പറ്റീഷൻ പ്രകാരം നിയമിച്ച 21 ഉൾപ്പെടെ - 50)

നാടാർ മുസ്ലീം സമുദായങ്ങളിലെ വിദ്യാർത്ഥിനികൾക്ക് നല്കിവരുന്ന സ്റ്റൈപ്പന്റ്

3 (228) ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാടാർ മുസ്ലീം സമുദായങ്ങളിലെ വിദ്യാർത്ഥിനികൾക്ക് നല്കിവരുന്ന സ്റ്റൈപന്റ് ഏതു വർഷംവരെ കൊടുത്തു ;

(ബി) ഈ ഇനത്തിൽ എത്ര വർഷത്തെ സ്റ്റൈപന്റ് പെന്റിംഗ് ഉണ്ട് ;

(സി) കുടിശ്ശിക തുക എത്രയും വേഗം കൊടുത്തു തീർക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പ് മന്ത്രിയുടെ പേരിലുള്ള പ്രത്യേക ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം

4 (229) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം റാന്നി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന എത്രയാളുകൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രിയുടെ പേരിലുള്ള പ്രത്യേക ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായം നല്കിയിട്ടുണ്ട്. ഇതിൽ പട്ടികജാതിക്കാർ എത്ര ; പട്ടികവർഗ്ഗക്കാർ എത്ര ; ഓരോരുത്തരുടേയും പേരും അനുവദിച്ച തുകയും വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly